بسم الله الرحمن الرحيم

**പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

# Friday Sermon - Hazrat Khalifathullah Al-Massih Al-Maoud

**വെള്ളിയാഴ്ച ഖുത്തുബ**

*ഹസ്രത്ത് ഖലീഫത്തുല്ലാ അൽമസീഹുൽ മൗഊദ്*

Munir Ahmad Azim മുനീർ അഹ്മദ് അസീം

05 August 2011 - 5 ആഗസ്റ്റ് 2011

*(04 Ramadan 1432 Hijra - റംസാൻ 04–, 1432 ഹിജ്റ*

**(Summary of Friday Sermon)**

## ജുംആ ഖുത്തുബയുടെ ലഘു വിവരണം

എല്ലാവർക്കും സമാധാന സന്ദേശം (അസ്സലാമു അലൈക്കും) ആശംസിച്ച ശേഷം മസീഹുല്ലാഹ്, തശഹ്ഹുദ്, തഅവ്വുദ്, സൂറഃ അൽഫാത്തിഹ എന്നിവ ഓതിയ ശേഷം പറഞ്ഞു

പരമോന്നതനായ അല്ലാഹു മുസ്ലീങ്ങൾക്ക് നല്കിയ ഒരു വലിയ അനുഗ്രഹമാണ് റമദാൻ. ഇതിന്റെ യഥാർത്ഥ വില (റമദാന്) നാം കല്പിക്കുമ്പോഴാണ് നാം അതിനെ അംഗീകരിക്കുന്നത്. അല്ലെങ്കിൽ റമദാൻ മൂലം നാം ഒന്നും നേടാതെ അതുവരികയും പോവുകയും ചെയ്യുന്നു അത്രമാത്രം. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ.അ.) പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. അതായത് "എന്റെ സമുദായം റമദാൻ എന്തെന്ന് അറിഞ്ഞിരുന്നെങ്കിൽ വർഷം മുഴുവൻ റമദാൻ ആയിരിക്കുവാൻ അവർ ആഗ്രഹിക്കുമായിരുന്നു".

ഈ പരിശുദ്ധ മാസത്തിൽ വളരെധികം അനുഗ്രഹങ്ങൾ നിക്ഷിപ്തമായിരിക്കുന്നു. വർഷം മുഴുവൻ വ്രതമനുഷ്ഠിക്കുന്നതിന്റെ പ്രയാസം നിശ്ചയമായും നമുക്കറിയാം. എന്നാൽ ഈ സ്പെഷ്യൽ മാസത്തിൽ എന്തുമാത്രം പ്രതിഫലങ്ങളാണ് ഒരുക്കി വച്ചിരിക്കുന്നത് എന്നറിഞ്ഞാൽ അത് വർഷം മുഴുവൻ ലഭ്യമാക്കുവാൻ ഏതൊരാളും ആഗ്രഹിച്ചുപൊകും. എന്നാൽ മറ്റൊരു ഹദീസിൽ, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ: അ) പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. " റമദാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുകയും മറ്റെല്ലാ മാസങ്ങളിലും മൂന്ന് ദിവസം വ്രതമനുഷ്ഠിക്കുകയും ചെയ്താൽ ഒരുവനിലുള്ള എല്ല ദുഷിച്ച ചിന്തകളും നീങ്ങിപ്പോകുന്നതാണ്".

നബി (സ.അ.) യുടെ അനുചരന്മാർ പരിശുദ്ധയുദ്ധ സമയങ്ങളിൽപ്പോലും വ്രതമനുഷ്ഠിച്ചിരുന്നു. യാത്ര ദുർഘടവും ക്ഷീണിതവുമായിരുന്നാൽ അത്തരം സന്ദർഭങ്ങളിൽ വ്രതാനുഷ്ഠാനത്തിൽ നിന്നും മാറിനില്ക്കുവാൻ അല്ലാഹുവിന്റെ ദൂതന്മാൻ അവർക്ക് അനുവാദം നല്കിയിരുന്നു. സാഹചര്യങ്ങൾക്കനുസരിച്ചുള്ള നിയന്ത്രണമാണ് പ്രവാചകൻ നല്കിയത്.

'മുസ്ലീ'മിൽ റിപ്പോർട്ട് ചെയ്ത ഒരു പ്രവാചക വചനത്തിൽ " ഒരിക്കൽ തിരുമേനിയുടെ സഖാക്കൾ പരിശുദ്ധ യുദ്ധത്തിനായി പോവുകയായിരുന്നു. അവർ വിശ്രമത്തിനായി ഒരു സ്ഥലത്ത് തമ്പടിച്ചു. അവർ വളരെ ദരിദ്രരായിരുന്നു. സൂര്യരശ്മിയിൽ നിന്നുള്ള സംരക്ഷണത്തിനായി അവർക്ക് ആവശ്യത്തിനുള്ള വസ്ത്രമില്ലായിരുന്നു. സൂര്യനിൽ നിന്നുള്ള സംരക്ഷണത്തിനായി അവരിൽ പലരും കയ്യാണ് ഉപയോഗിച്ചിരുന്നത്. ഈ അവസ്ഥയിൽപ്പോലും അവരിൽപലരും വ്രതമനുഷ്ഠാനത്തിലായിരുന്നു. അവർ വളരെ ക്ഷീണിതരായിരുന്നു. ചൂട് അസഹനീയമായിരുന്നു,ചിലർക്ക് ബോധക്ഷയം പോലും ഉായി. നമ്മുടെ ഏറ്റവും പ്രിയങ്കരനായിരുന്ന പ്രവാചകൻ (സ.അ.) ഈ വചനത്തിലൂടെ നമ്മോടാവശ്യപ്പെടുന്നത് ഈ മാസത്തിലെ മഹത്തായ മൂല്യങ്ങളെ അന്വേഷിക്കുവാനാണ്. ആയതിനാൽ നാം സ്വയം നമ്മെ നന്നാക്കിതീർക്കുവാൻ, സംസ്കരിക്കുവാൻ തയ്യാറാകാനുള്ള ആഹ്വാനമാണിതിൽ അടങ്ങിയിരിക്കരുത്. എന്നാൽ ഇക്കാലത്ത്, നാം അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നില്ല. അതിനുവേ പരിഗണന നല്കുന്നില്ല, നമ്മിൽ വളരെ വളരെ കുറച്ചുപേർ മാത്രമാണ് ഈ മാസത്തിലെ അനുഗ്രഹങ്ങളെ കതഗതമാക്കുവാൻ പരിശ്രമിക്കുന്നത്.

ഞാൻ, ഇക്കാരണങ്ങളാൽ, ഓരോ വർഷവും റമദാൻ ആരംഭിക്കുമ്പോൾ, ഈ 'ഹദീത്' ഓർമ്മ

പ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. തന്മൂലം റമദാനിലെ അനുഗ്രഹങ്ങളും പ്രാധാന്യവും മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

ഹസ്രത്ത് സൽമൻ (റ) റിപ്പോർട്ട് ചെയ്യുന്നു. "ശഅ്ബാനിൽ അവസാനത്തെ ദിവസം നബി (സ.അ.) തന്റെ അനുചരന്മാരെ അഭിസംബോധന ചെയ്ത് സംസാരിക്കുമായിരുന്നു. " അദ്ദേഹം പറഞ്ഞു " അല്ലയോ ജനങ്ങളെ, മഹത്തായതും, അനുഗ്രഹീതവുമായ ഒരു മാസം നിങ്ങളെ സമീപിച്ചിരിക്കുകയാണ്. ആയിരം മാസത്തേക്കാൾ അനുഗ്രഹീതമായ ഒരു ദിവസവും ഈ മാസത്തിലു്. ഈ മാസത്തിൽ വ്രതമനുഷ്ഠിക്കുവാൻ അല്ലാഹു കല്പിച്ചിരിക്കുകയാണ്, അതുപോലെതന്നെ പ്രാർത്ഥനയിൽ വ്യാപൃതനാവുവാനും, വളരെയധികം നന്മകൾ കരസ്ഥമാക്കുവാനും ഒരു കർമ്മമെന്ന നിലയിൽ (തറാവീത്, തഹജ്ജുദ്) ഇത് അനുഷ്ഠിക്കുവാനും കല്പിച്ചിരിക്കുന്നു. ആരാണോ ഈ മാസങ്ങളിൽ സ്വമനസ്സാലെ നന്മകൾ ചെയ്യുന്നത് അവന് മറ്റു മാസങ്ങളിൽ സ്വമനസ്സാലെ ചെയ്യുന്ന നന്മകളേക്കാൾ പ്രതിഫലം നല്കുന്നതാണ്. അതുപോലെ ആരാണോ ഈ മാസത്തിൽ സ്വമനസ്സാലെ നല്ല പ്രവർത്തികൾ ചെയ്യുന്നത് അവന് മറ്റു മാസങ്ങളിൽ ചെയ്യുന്നതിനേക്കാൾ പ്രതിഫലം അല്ലാഹു നല്കുന്നതാണ്.

ഇത് ക്ഷമയുടെ മാസമാകുന്നു. ക്ഷമയ്ക്കുള്ള പ്രതിഫലം സ്വർഗ്ഗമല്ലാതെമറ്റൊന്നില്ല. ഇത് അനുകമ്പയുടെ മാസമാണ്. ഒരു വിശ്വാസിയുടെ ധനത്തിൽ വർദ്ധനവ് വരുന്നതാണ്. റമദാൻ മാസത്തിൽ ആരാണോ വ്രതമനുഷ്ഠിക്കുന്ന ആൾക്ക് നോമ്പ് മുറിക്കുന്നതിന് വല്ലതും നല്കുന്നത് അവന് നോമ്പ് പിടിച്ചവനു ലഭ്യമാകുന്ന തരത്തിലുള്ള പ്രതിഫലം അല്ലാഹു നല്കുന്നതാണ്. എന്നാൽ വ്രതം അനുഷ്ഠിച്ചവന്റെ പ്രതിഫലത്തിൽ ഒരു കുറവും വരുത്തുന്നതല്ല.

അല്ലയോ അല്ലാഹുവിന്റെ ദൂതരെ, അനുചരന്മാർ പറഞ്ഞു "ഞങ്ങളിൽ എല്ലാപേർക്കും വ്രതമനുഷ്ഠിക്കുന്നവന് നോമ്പുതുറക്കുവാൻ എന്തെങ്കിലും നല്കുവാനുള്ള കഴിവുള്ളവരല്ല" അപ്പോൾ തിരുദൂതർ അവരെ അശ്വസിപ്പിച്ചുകൊ് പ്രതിവചിച്ചു. അല്ലാഹു (ത), വ്രതമനുഷ്ഠിക്കുന്നവന് നോമ്പ് തുറക്കുവാൻ ഒരു ഈന്തപ്പഴമോ, ഒരു മടക്ക് വെള്ളമോ പാലോ നല്കിയാലും ശരി, അവന് പ്രതിഫലം നല്കുന്നതാണ്.

ഈ മാസത്തിന്റെ ആരംഭത്തിൽ കരുണയും, മധ്യത്തിൽ മാപ്പും ഭൃത്യർ ജോലി എളുപ്പമാക്കിയാൽ നരകത്തിൽ നിന്നു മോചനവും അല്ലാഹു നല്കുന്നതാണ്. അല്ലാഹു അവന് മാപ്പ് നല്കുകയും അവനെ സ്വാതന്ത്രനാക്കുകയും ചെയ്യും. ഈ മാസത്തിൽ നാല് കാര്യങ്ങൾ ധാരാളമായി ചെയ്യുക. രുകാര്യങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ പ്രീതിപ്പെടുത്തുന്നതാണ്. അതില്ലാതെ മറ്റ് ര് കാര്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയില്ല. അല്ലാഹുവിനെ പ്രീതിപ്പെടുത്തുന്ന ആ ര് കാര്യങ്ങൾ 1. ശഹാദ അതായത് ലാഇലാഹ ഇല്ലല്ലാഹ് (ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല) എന്നത്. മറ്റൊന്ന് അല്ലാഹുവിനോട് മാപ്പ് ചോദിക്കുന്നതും മറ്റു ര് കാര്യം അല്ലാഹുവിന്റെ സ്വർഗ്ഗത്തിനായി അർത്ഥിക്കുന്നതും അതുപോലെ നരകത്തിൽ നിന്നുള്ള സംരക്ഷണത്തിനായും (അർത്ഥിക്കലാണ്.) വ്രതമനുഷ്ഠിക്കുന്നവന്, വ്രതമനുഷ്ഠിക്കുവാൻ വല്ലതും ആരെങ്കിലും നല്കിയാൽ അല്ലാഹു എന്റെ ജലസ്രോതസ്സിൽ നിന്നും അവന് കുടിക്കുവാൻ നല്കുന്നതും അതിന് ശേഷം ഒരിക്കലും ദാഹം അനുഭവപ്പെടുന്നതുമല്ല. (ഇബ്നുഖുസൈമ ബൈഹഖി, ഇബ്നഹിബ്ബാൻ)

ശ്രദ്ധിക്കുക . ഹസ്രത്ത് മുഹമ്മദ് (സ.അ.) ശഹ്ബാൻ അവസാനത്തോടെ പറഞ്ഞ ഇത്തരം വാക്കുകൾ ഇത് വളരെ വ്യക്തമാണ്. നബി (സ.അ.) ഇതുകൊ് അർത്ഥമാക്കുന്നത്, മുസ്ലീങ്ങൾ പ്രത്യേകം ശ്രദ്ധിക്കുവനാണ്, അതായത് റമദാൻ സമാഗതമായാൽ അതിൽ കരസ്ഥമാക്കേ നേട്ടങ്ങൾ ഒന്നും നഷ്ടപ്പെടാതെ സൂക്ഷിക്കുവാനും, അവയെ പറ്റിചിന്തിക്കുവാനും ഒരു നിമിഷംപോലും അതിലെ അനുഗ്രഹങ്ങളിൽ നിന്നും വഴുതി പോകാതെ ജാഗ്രതയിൽ വർത്തിക്കുവാനുമുള്ള മുന്നറിയിപ്പാണ്.

മുഹമ്മദ് മുസ്തഫ (സ.അ.) നമ്മോട് ആവശ്യപ്പെടുന്നത് പല കാര്യങ്ങളിലും നമ്മൾ പ്രത്യേകം ശ്രദ്ധ കൊടുക്കണമെന്നാണ്,. ഒന്നാമതായി, അതിലൊരു രാവുണ്ട്, വിധിയുടെ രാവ്. നിശ്ചയമായും അതൊരു രാത്രിയിലാണ്. അതിന്റെ പൂർണ്ണമായ വില നമുക്ക് നിർണ്ണിയിക്കുവാൻ സാധിക്കുന്നതല്ല. അതിനെതുടർന്ന് മുഹമ്മദ് മുസ്തഫാ (സ.അ.) നമ്മെ അറിയിച്ചു, റമദാനിൽ അധികമായി നാം ചെയ്യുന്ന ഓരോ നല്ല പ്രവർത്തികൾക്കും. നിർബന്ധമായും ചെയ്യേ പ്രവർത്തി ചെയ്യുമ്പോൾ ലഭിക്കുന്ന പ്രതിഫലം ലഭിക്കുന്നതാണ്. അതുപോലെ നിർബന്ധമായും ചെയ്യേ ഓരോ പ്രവർത്തിയുടെ പൂർത്തീക

രണ വേളയിലും മറ്റ് മാസങ്ങളിൽ ലഭിക്കുന്നതിനേക്കാൾ എഴുപത് മടങ്ങ് പ്രതിഫലം ലഭിക്കുന്നതാണ്.

ആയതിനാൽ നാം ഓരോരുത്തരും ആലോചിച്ചുനോക്കേതാണ്. നാം ആരാധനയിൽ എത്ര മാത്രം അധികരിച്ചിട്ടുണ്ട്? എത്രമാത്രം പ്രാധാന്യം നാം നല്കുന്നുണ്ട്? നിർബന്ധകാര്യങ്ങൾ എത്ര മാത്രം നാം ചെയ്തു. നിർബന്ധമില്ലാത്ത കാര്യങ്ങൾ എത്രമാത്രം ചെയ്തു?. നാം നിർബന്ധമായും ചിന്തിക്കേ താണ്. " ഫർസ" ആയ നമസ്കാര നിർവ്വഹണത്തെപ്പറ്റി നമുക്ക് ചിന്തിക്കാം നാം നിർവ്വ ഹിക്കുന്ന വ്രതാനുഷ്ഠാനത്തിനായി രാവിന്റെ അന്ത്യയാമത്തിൽ ഭക്ഷണം കഴിച്ച ശേഷം വളരെയധികം ആളുകൾ ഉറങ്ങാനായി പോകുന്നു. അങ്ങനെ അവർക്ക് പ്രഭാത നമസ്കാരം നഷ്ടപ്പെടുന്നു. മറ്റുള്ളവർ ജമാഅത്തായി പ്രഭാത നമസ്ക്കാരം നിർവ്വഹിക്കുന്നു. ഇതിൽ നിന്നും നാം മനസ്സിലാക്കേകാര്യം പരമോന്നതനായ അല്ലാഹു നമുക്ക് നല്കിയ ഔദാര്യത്തിന് നാം നന്ദി രേഖപ്പെടുത്തുവാൻ വിമുഖത കാട്ടുന്നു. ജമാഅത്തായ നമസ്കാരം നാം നഷ്ടപ്പെടുത്തുന്നതിലൂടെ അല്ലാഹു നിർബന്ധമാക്കിയ ഒരു ഉത്തരവാദിത്വം നാം നിറവേറ്റുന്നില്ല. എന്നാൽ നിശ്ചയമായും വിശുദ്ധ പ്രവാചകൻ (സ.അ.) ജമാഅ ത്തായ നമസ്ക്കാരത്തെപ്പറ്റി പറഞ്ഞു. " മസ്ജിദിന് സമീപം താമസിക്കുന്നവർക്ക് പള്ളിയിലല്ലാതെ നമ സ്ക്കാരമില്ല'

വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിലൂടെ വി. ഖുർആനുമായി നേരിട്ടു ബന്ധം സ്ഥാപി ക്കുക മാത്രമല്ല, റമദാനുമായും ബന്ധം സ്ഥാപിക്കുകയാണ്. ഈ മാസത്തിലാണ് വിശുദ്ധ ഖുർആൻ അവതരിപ്പിച്ചത്. കുറേശ്ശേകുറേശ്ശയായി നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് (സ.അ.) യ്ക്ക് ഇരുപത്തി മൂന്ന് വർഷംകൊാണ് ഇത് പൂർത്തീകരിച്ച് കൊടുത്തത്. .. ഈ അനുഗ്രഹീത മാസത്തിൽ വിശുദ്ധ ഖുർആൻ അർത്ഥ സഹിതം വിശദീകരണത്തോടെ പരമാവധി പാരായണം ചെയ്യണമെന്ന് ഓരോ മുസ്ലീ മിനോടും പറയാൻ തക്കതായ കാരണം ഉ്. വിശുദ്ധ പ്രവാചക വചനത്തിൽ നിന്നും നാം മനസ്സിലാ ക്കിയിട്ടു്. അതായത് ജിബ്രീൽ(അ) റമദാൻ മാസത്തിൽ വിശുദ്ധ ഖുർആൻ പൂർണ്ണരൂപത്തിൽ മുഹ മ്മദ് നബി (സ.അ.) യ്ക്ക് റമദാൻ മാസത്തിൽ ഓതികേൾപ്പിച്ചിട്ടു്.

അതേ ഹദീസിൽ മുഹമ്മദ് നബി (സ.അ) മറ്റു പല കാര്യങ്ങളും പറകയുായി. അതിൽ പ്രധാ നമായ ഒരു കാര്യം റമദാൻ ക്ഷമയുടെ മാസമാകുന്നു എന്നാണ്. വ്രതാനുഷ്ഠാനം വളരെ പ്രയാസമുള്ള ഒരു കാര്യമായി നമുക്ക് തോന്നിയാലും, ക്ഷമയുടെ പാഠം പഠിപ്പിക്കുന്നു എന്ന കാരണത്താൽ നാം സന്തോഷവാന്മാരായിരിക്കണം. അതുപോലെ ചിലർ ഉഷ്ണകാലത്തെ വ്രതാനുഷ്ഠാനത്തെ സംബ ന്ധിച്ചും പരാതിപ്പെടാറു്. അതും നമ്മെ ക്ഷമാലുക്കളാക്കുവാനുള്ള പരിശീലനമാണ് എന്ന് മനസ്സി ലാക്കണം. ശരിയായ ഭക്ഷണം ലഭ്യമായില്ലെങ്കിലും നാം പരാതിപ്പെടരുത്. അതുപോലെ 'തറാവീഹ്' നമ സ്ക്കാരത്തിൽ നാം ക്ഷീണിതരായാലും പരാതിപ്പെടരുത്. ഇതെല്ലാം നാം സഹനതയോടെ ക്ഷമയോടെ നേരിടേ താണ്. ഈ പറയപ്പെട്ട നല്ല കാര്യങ്ങൾ ഒരു ഭാരമായി നാം കണക്കാക്കരുത്. അങ്ങനെ കണ ക്കാക്കിയാൽ ഈ പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഫലശൂന്യങ്ങളും അങ്ങനെ നമ്മൾ നഷ്ട കാരികളുമായി തീരുന്നതാണ്. നമ്മുടെ ഭൗതിക സുഖസൗകര്യങ്ങളൊക്കെ ഉപേക്ഷിക്കേ സാഹച ര്യങ്ങൾ നാം ചിലപ്പോൾ നേരിടേി വരുന്നതാണ്. അന്ന പാനീയങ്ങൾ ത്യജിച്ച്, അല്ലാഹുവിന്റെ തൃപ്തിയെ അന്വേഷിക്കുന്നവർക്ക്, ഈ ലോകത്തിലെ ഇത്തരത്തിലുള്ള പ്രയാസങ്ങളെ നേരിടുന്നതിന് ബുദ്ധിമുട്ടായി തോന്നുന്നതാണോ? റമദാൻ മാസത്തിൽ നിന്നും നാം പഠിക്കുന്ന മറ്റൊരു പാഠം, ഈ മാസം പരസ്പരം പങ്കുവയ്ക്കലിന്റേയും സഹോദര്യത്തിന്റേയും മാസമാകുന്നു. പ്രത്യേകിച്ച് സാധു ക്കും പ്രയാസങ്ങളെ തരണം ചെയ്യുന്നതിന് വേി പാടുപെടുന്ന ആവശ്യക്കാർക്കും. പങ്കുവയ്ക്കലിന്റെ ചൈതന്യം നമമ്മുടെ നിത്യജീവിതത്തിൽ പരിചയിക്കേ ഒരു ഗുണവിശേഷമാണ്.

മറ്റൊരു പ്രവാചക വചനത്തിൽ ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു. " പട്ടിണികിടക്കുന്നവന് ഭക്ഷ ണം നല്കിയാൽ, വസ്ത്രമില്ലാത്തവന് വസ്ത്രം നല്കിയാൽ, യാത്രക്കാരന് അഭയം നല്കിയാൽ അവന് പരമോന്നതനായ അല്ലാഹു വിചാരണ നാളിലെ ഭയപ്പാടുകളിൽ നിന്നും സംരക്ഷണം നല്കുന്നതാണ്. മുഹമ്മദ് മുസ്തഫാ (സ.അ.) വീും പറഞ്ഞു നോമ്പ് മുറിക്കുന്നതിന് എന്തെങ്കിലും നല്കിയാൽ അവന്റെ പ്രതിഫലം തയ്യാറായി കഴിഞ്ഞിരിക്കുന്നു". വ്രതാനുഷ്ഠാനം അനുഷ്ഠിക്കുന്ന ആൾക്ക് നോമ്പ് തുറക്കുന്നതിന് തന്റെ ശരിയായ ധനത്തിൽ നിന്നും ചെലവഴിക്കുന്നവരുടെ മേൽ റമദാന്റെ രാത്രിയിൽ മാലാഖമാർ ആശംസകൾ അർപ്പിക്കുന്നു. രാത്രിയിൽ മലക്ക് ജബ്രീൽ (അ) അവന്റെ മേൽ പ്രശംസാ

വചനം കൈമാറുന്നു. അവൻ ദിവ്യ ദൃഷ്ടാന്തങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു. അവന്റെ ഹൃദയം ആർദ്ര മാകുന്നു. ഒടുവിൽ കണ്ണുനീർ ധാരധാരയായി കവിൾത്തടങ്ങളിലൂടെ പ്രവഹിക്കുന്നു.

മുഹമ്മദ് മുസ്തഫ (സ.അ.) ഈ വചനത്തിലൂടെ സൂചിപ്പിക്കുന്നത് റമദാനിലെ ആദ്യപകുതി അനുഗ്രഹങ്ങളുടെതാണെന്നാണ്. പരമോന്നതനായ അല്ലാഹു അവന്റെ അനുഗ്രഹങ്ങൾ അധികമധിക മായി വിശ്വാസികളുടെ മേൽ ഇറക്കുന്നു. തീർച്ചയായും അവർ സ്വയം അല്ലാഹുവിനോട് കൂടുതൽ നന്ദി യുള്ളവരായാൽ അവർക്ക് അതിനേക്കാൾ മെച്ചമായത് തിരികെ ലഭിക്കുന്നതാണ്. പരമോന്നതനായ അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. " നിങ്ങൾ നന്ദികാണിക്കുന്നതായാൽ ഞാൻ തീർച്ചയായും നിങ്ങൾക്ക് അനുഗ്രഹം വർദ്ധിപ്പിച്ചു തരുന്നതാണ്." (14:8)

റമദാന്റെ രാം പകുതിയിൽ പരമോന്നതനായ അല്ലാഹു (ത) വിശ്വാസികൾക്ക് റമദാന്റെ ആദ്യ ഘട്ടത്തിൽ അനുഷ്ഠിച്ച പ്രവർത്തികൾക്കുള്ള പ്രതിഫലമായി മോക്ഷം (മാപ്പ്) നല്കുന്നതാണ്.

റമദാന്റെ മൂന്നാം ഘട്ടത്തിൽ അല്ലാഹു (ത) നമ്മെ നരകാഗ്നിയിൽ നിന്ന് രക്ഷിക്കുന്നു. മറ്റുള്ള ഹദീസുകളും ഇതിനെ സാക്ഷ്യപ്പെടുത്തുന്നു. റമദാന്റെ ആദ്യഘട്ടത്തിൽ അല്ലാഹു (ത) വിൽ നിന്നുള്ള അനുഗ്രഹ പ്രാപ്തി സിദ്ധിച്ചവർ തീർച്ചയായും ഭാഗ്യവാന്മാരാകുന്നു. കാരണം അല്ലാഹു അവരെ അവന്റെ അനന്തമായ അനുഗ്രഹങ്ങൾകൊ് നിറക്കുന്നു.

സൽമാൻ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്ന ഹദീസിൽ സൂചിപ്പിക്കുന്ന മറ്റൊരു വസ്തുത ഇതാണ്. തൊഴിലുടമകൾ തങ്ങളുടെ തൊഴിലാളികളോട് ഏറ്റവും ഉത്തമമായി വർത്തിക്കേതാണ്. കാരണം റമ ദാനിൽ അവർ വ്രതമനുഷ്ഠിക്കുന്നവരാണ്. വ്രതമനുഷ്ഠിക്കുന്ന തൊഴിലാളികൾക്ക് ബുദ്ധിമുട്ടേറിയ ജോലികൾ നാം നല്കുമ്പോൾ നാമവരെ അധികമായി ഭാരം ചുമപ്പിക്കുകയാണെന്ന് ഓർക്കുക. പക്ഷേ ഇത് വ്രതമനുഷ്ഠിക്കുന്നവർക്ക് മാത്രമുള്ള ഓർമ്മപ്പെടുത്തലാണ്. അല്ലെങ്കിൽ മറ്റുമാസങ്ങളും റമദാനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല തന്നെ. വ്രതമനുഷ്ഠിക്കുന്ന തൊഴിലാളികളെക്കൊ് അധിക പണി യെടുപ്പിക്കുന്ന വ്രതമനുഷ്ഠിക്കാത്ത തൊഴിലുടമകളു്. അങ്ങനെ വരുന്ന ചില സന്ദർഭങ്ങളിൽ അവർക്ക് നല്കിയിരിക്കുന്ന ഡെഡ്ലൈൻ (പണിപൂർത്തിയാക്കേ തീയതി) പൂർത്തിയാക്കുന്നതിൽ വീഴ്ച യുാവുകയോ, അവരുടെ ജോലിയിൽ ഏതെങ്കിലും നിസാരമായ വീഴ്ചയോ ഉായാൽ കൂടി ചന്ദ്ര ഹാസം മുഴക്കുന്ന തൊഴിലുടമകളാണവർ. അക്ഷരാർത്ഥത്തിൽ അവരുടെ ഹൃദയങ്ങളിൽ കാരുണ്യത്തി ന്റേയോ, അനുകമ്പയുടെയോ തരിമ്പ് പോലും ശേഷിക്കുന്നില്ല തന്നെ.

ഇത്തരം ആളുകളെപ്പറ്റി വിശുദ്ധ ഖുർആൻ ഇപ്രകാരം പറയുന്നു " അക്രമം പ്രവർത്തിച്ചവർ ഏത് സ്ഥലത്തേക്കാണ് തിരിച്ചു ചെല്ലുക എന്ന് താമസിയാതെ അവർ അറിയുന്നതാണ്" (26: 228)

അവസാനിപ്പിക്കുന്നതിന് മുന്നോടിയായി ഞാനൊരു ഹദീസുകൂടി ചൂിക്കാട്ടാം. നബി (സ) പറയുന്നു, തെറ്റുകൾ മാപ്പാക്കിക്കൊടുക്കുന്നതിൽ ധാരാളിത്തം കാട്ടുന്നവന്, അവനെപ്പോഴെങ്കിലും ഒരു വിഷമഘട്ടത്തിൽ പെടുമ്പോൾ അല്ലാഹു തആല അവന്റെ വിഷമത്തെ ദൂരീകരിച്ചുകൊടുക്കുന്നതാണ്. അതുമാത്രമല്ല, അപ്രതീക്ഷിത മാർഗ്ഗങ്ങളിൽ നിന്ന് അവന് സഹായം ലഭിക്കുന്നതുമായിരിക്കും.

ആയതിനാൽ എല്ലാ ഓരോ മുസ്ലീമിനോടുമുള്ള എന്റെ ആഹ്വാനം ഇതാണ്. നിങ്ങൾക്കെപ്പോ ഴൊക്കെ സമയം ലഭിക്കുന്നുവോ അപ്പോഴെല്ലാം താഴെപ്പറയുന്ന പ്രാർത്ഥന ചെയ്തുകൊിരിക്കുക.

"ലാഇലാഹ ഇലല്ലാഹ്, അസ്തഗ്ഫ്റുല്ലാ, അല്ലാഹുമ്മ ഇന്നീ അസ്അലുക്കൽ ജന്നത്ത വ അ ഊദുബിക മിനന്നാർ"

(അല്ലാഹു അല്ലാതെ മറ്റൊരു ദൈവമില്ല. ഓ! അല്ലാഹ്, എനിക്ക് പൊറുത്ത് തരിക, അല്ലയോ അല്ലാഹ്, നരകാഗ്നിയിൽ നിന്നുള്ള രക്ഷയ്ക്കും, സ്വർഗ്ഗം ലഭിക്കുന്നതിനുമായി ഞാൻ നിന്നോട് കേണ പേക്ഷിക്കുന്നു. ആമീൻ)

അല്ലാഹു അവന്റെ കാരുണ്യത്താൽ നമുക്കേവർക്കും സ്വർഗ്ഗം പ്രദാനം ചെയ്യുകയും നരക ശിക്ഷ യിൽ നിന്നും നമ്മെ കാക്കുകയും ചെയ്യട്ടെ. ഈ പരിശുദ്ധ റമദാനിലുടനീളം നമ്മെ അല്ലാഹുവിന്റെ ആരാധനയ്ക്കായി സമർപ്പിക്കുന്നതിനും അങ്ങനെ അവന്റെ തൃപ്തിയിൽ നാമോരോരുത്തരും ആയിരി ക്കുന്നതിനും അല്ലാഹു ത ആല തൗഫീഖ് ചെയ്യുമാറാകട്ടെ. ആമീൻ

*Translated by:*

**R. Jamaludin Raother, Amir**

**Jamaat Ul Sahih Al Islam kerala**

**Ph: 9447001832**